DESPATCHED On.24.2.2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic@kerala.nic.in


## ഹർജി നമ്പർ AP.No. 749(5)/19/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 5739/SIC-G7/2019

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ. വി. ശ്രീകുമാർ,**
**റൂം നമ്പർ. 2,**
**ഒന്നാം നില, അമ്മവീട് ബിൽഡിംഗ്സ്,**
**കൊല്ലം – 13.**
} **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**എക്സൈസ് ഡിവിഷൻ ഓഫീസ്,**
**ചിന്നക്കട, കൊല്ലം – 691 001.**

**അപ്പീൽ അധികാരി,**
**എക്സൈസ് ഡിവിഷൻ ഓഫീസ്,**
**ചിന്നക്കട, കൊല്ലം – 691 001.**
} **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 05.02.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 18.02.2019 |
| ഒന്നാം അപ്പീൽ | 01.03.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 07.03.2019 |
| രണ്ടാം അപ്പീൽ | 30.03.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, കൊല്ലം എക്സൈസ് റേഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ. ആർ. മിനേഷ്യസിനെതിരെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ. മധുസൂദനൻ കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് ഏതെങ്കിലും തരത്തിലുള്ള പരാതികൾ നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്ന്, ടി പരാതിയുടെ പകർപ്പ്, ടി പരാതിയിൽ

സൂചിപ്പിച്ചിട്ടുള്ള ആരോപണങ്ങളെ സാധൂകരിക്കത്തക്ക രീതിയിൽ എന്തെങ്കിലും തെളിവുകളോ രേഖകളോ ഹാജരാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നാണ് ഹാജരാക്കിയത്, ടി രേഖകളുടേയും തെളിവുകളുടേയും പകർപ്പ്, ടി പരാതിയിന്മേൽ കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്ത് നടപടി സ്വീകരിച്ചു, ടി പരാതിയുമായി ബന്ധപ്പെട്ട ഫയലിൽ നാളിതു വരെ നടത്തിയ നടപടികളുടെ പകർപ്പ് എന്നിവയാണ്.

2. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ 3, 8 എന്നിവയ്ക്ക് നൽകിയ വിവരം നിയമാനുസൃതമല്ല എന്നും ശരിയായ വിവരം നൽകണമെന്നും പരാതിപ്പെട്ടുകൊണ്ട് ഒന്നാം അപ്പീൽ സമർപ്പിച്ചു. 3, 8 എന്നിവയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 8 (ഇ), (ജെ) പ്രകാരം നൽകാൻ കഴിയാത്തതാണെന്ന് അറിയിച്ചുകൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കി.

3. മേപ്പടി വിവരാവകാശ അപേക്ഷയിലെ 3, 8 എന്നീ ചോദ്യങ്ങൾക്ക് വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

4. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 3, 8 ചോദ്യങ്ങൾ ഒഴികെ മറ്റെല്ലാ വിവരങ്ങളും നൽകിയിട്ടുണ്ട് എന്നാണ്.

5. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, ഒരേ ഓഫീസിലെ മേലുദ്യോഗസ്ഥനും കീഴുദ്യോഗസ്ഥനും തമ്മിലുള്ള ബന്ധത്തിലെ ഭരണപരവും അച്ചടക്കപരവുമായ കാര്യങ്ങൾ ആയതിനാൽ ടി വിഷയത്തിന് വിവരാവകാശ നിയമത്തിന്റെ ചട്ടം 8 (ഇ), (ജെ) പ്രകാരം പരസ്യപ്പെടുത്തേണ്ട തരത്തിലുള്ള പൊതുതാല്പര്യം ഇല്ലാത്ത വിവരമായതിനാലും, പൊതുപ്രവർത്തനമായും ബന്ധമില്ലാത്ത വ്യക്തിപരമായ വിവരങ്ങൾ ആയതിനാലും ഓഫീസ് മേധാവിയുടെ അറിവില്ലാതെ തന്നെ ടി വിവരങ്ങൾ പുറത്തേയ്ക്ക് ചോർന്നു പോയതിലുള്ള ആശങ്ക കൂടി കണക്കിലെടുത്തുമാണ് ടി കൊല്ലം എക്സൈസ് ഇൻസ്പെക്ടറുടെ പരാതിയിന്മേൽ അന്തിമതീരുമാനം ആകുന്നത് വരെ ടി 3, 8 ചോദ്യങ്ങൾ പ്രകാരം ആവശ്യപ്പെട്ട പകർപ്പുകൾ വിവരാവകാശ നിയമത്തിന്റെ ചട്ടം 8(ഇ), (ജെ) പ്രകാരം നൽകാൻ കഴിയുകയില്ലായെന്നുമാണ്.

6. അപ്പീൽ ഹർജിയും എസ്.പി.ഐ.ഒ. യുടെ മൊഴിയും റിപ്പോർട്ടും പരിശോധിക്കുമ്പോൾ, ലഭ്യമാക്കാവുന്ന വിവരങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ നൽകിയിട്ടുണ്ടെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ടിയാന്റെ 3, 8 ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കാതിരുന്നതിന് എതിർകക്ഷി നൽകിയ മൊഴി കമ്മീഷൻ അംഗീകരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ മേപ്പടി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പരാതിയുടെ പകർപ്പും പരാതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ നടപടികളുടെ പകർപ്പുകളും പ്രസ്തുത പരാതിയിൽ അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി മാസം 14 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി